**മധുരമായ കുട്ടികളേ - ഇത് സ്മൃതിയുടെയും-വിസ്മൃതിയുടെയും കളിയാണ്, നിങ്ങൾ ഇടക്കിടക്ക് ബാബയെ മറക്കുന്നു, നിശ്ചയബുദ്ധിയുള്ളവരായി മാറൂ എന്നാൽ ഈ കളിയിൽ കുടുങ്ങില്ല.**

**ചോദ്യം:-** അന്തിമവിധിയുടെ സമയത്തെ കണ്ടുകൊണ്ട് നിങ്ങൾ കുട്ടികളുടെ കർത്തവ്യമെന്താണ്?
**ഉത്തരം:-** തന്റെ പഠിപ്പിൽ നല്ല രീതിയിൽ മുഴുകുക എന്നതാണ് നിങ്ങളുടെ കർത്തവ്യം, ബാക്കിയുള്ള ഒരു കാര്യത്തിലേക്കും പോകരുത്. ബാബ നിങ്ങളെ കണ്ണുകളിൽ ഇരുത്തി, കഴുത്തിലെ മാലയാക്കി കൂടെ കൊണ്ടുപോകും. ബാക്കി എല്ലാവർക്കും അവനവന്റെ കണക്കും കാര്യങ്ങളെയും ഇല്ലാതാക്കി തിരിച്ചുപോവുക തന്നെ വേണം. ബാബ വന്നിരിക്കുകയാണ് എല്ലാവരെയും തിരിച്ചു വീട്ടിലേക്ക് കൊണ്ടുപോകുന്നതിനുവേണ്ടി.

**ഗീതം:-** ദൂരദേശത്തു വസിക്കുന്നവനേ...

**ഓം ശാന്തി.** ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് ഇരുന്നു മനസ്സിലാക്കി തരികയാണ് - പ്രത്യേകിച്ചും ഭാരതത്തിലും ഒപ്പം മുഴുവൻ വിശ്വത്തിലും എല്ലാവരും ശാന്തി ആഗ്രഹിക്കുന്നു. ഇപ്പോൾ ഇത് മനസ്സിലാക്കണം - വിശ്വത്തിന്റെ അധികാരി തന്നെയാണ് തീർച്ചയായും വിശ്വത്തിൽ ശാന്തി സ്ഥാപിക്കുന്നത്. വിശ്വത്തിൽ ശാന്തി വ്യാപിപ്പിക്കുന്നതിനുവേണ്ടി ഗോഡ് ഫാദറെ തന്നെയാണ് വിളിക്കേണ്ടത്. പാവങ്ങൾക്ക് ആരെയാണ് വിളിക്കേണ്ടതെന്നുപോലും അറിയില്ല. മുഴുവൻ വിശ്വത്തിന്റെയും കാര്യമല്ലേ. മുഴുവൻ വിശ്വത്തിലും ശാന്തി ആഗ്രഹിക്കുന്നുണ്ട്. ഇപ്പോൾ ശാന്തിയുടെ ധാമം വേറെയാണ്, എവിടെയാണോ ബാബയും നിങ്ങൾ ആത്മാക്കളും വസിക്കുന്നത്. ഇതും പരിധിയില്ലാത്ത ബാബ തന്നെയാണ് മനസ്സിലാക്കി തരുന്നത്. ഇപ്പോൾ ഈ ലോകത്താണെങ്കിൽ ഒരുപാട് മനുഷ്യരാണ്, ഒരുപാട് ധർമ്മങ്ങളുണ്ട്. പറയുന്നുണ്ട്- ഒരു ധർമ്മമായെങ്കിൽ ശാന്തിയുണ്ടായേനേ. എല്ലാ ധർമ്മത്തിലുള്ളവരും ചേർന്ന് ഒന്നാകാൻ സാധിക്കില്ല. ത്രിമൂർത്തിയുടെ മഹിമയുമുണ്ട്. ഒരുപാട് ത്രിമൂർത്തിയുടെ ചിത്രവും വെക്കുന്നുണ്ട്. ബ്രഹ്മാവിലൂടെ സ്ഥാപനയെന്നും അറിയാം. ആരുടെ? വെറും ശാന്തിയുടേതായിരിക്കില്ലല്ലോ. ശാന്തിയുടെയും സുഖത്തിന്റെയും സ്ഥാപനയുണ്ടാകുന്നു. ഈ ഭാരതത്തിൽ തന്നെയാണ് അയ്യായിരം വർഷം മുമ്പ് എപ്പോഴാണോ ഇവരുടെ രാജ്യമുണ്ടായിരുന്നത് അപ്പോൾ തീർച്ചയായും ബാക്കി എല്ലാ ജീവാത്മാക്കളും ശരീരത്തെ ഉപേക്ഷിച്ച് തന്റെ വീട്ടിലേക്ക് പോയിട്ടുണ്ടായിരിക്കും. ഇപ്പോൾ ഒരു ധർമ്മം, ഒരു ജാതി, ഒരു ഭാഷയാണ് ആഗ്രഹിക്കുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം - ബാബ ശാന്തിയുടെയും, സുഖത്തിന്റെയും, സമ്പത്തിന്റെയും സ്ഥാപന ചെയ്യുകയാണ്. ഒരു രാജ്യവും തീർച്ചയായും ഇവിടെ തന്നെയായിരിക്കുമല്ലോ. ഒരു രാജ്യത്തിന്റെ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ് - ഇതു ഒരു പുതിയ കാര്യമൊന്നുമല്ല. ഒരുപാടു തവണ ഒരു രാജ്യം സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. പിന്നീട് അനേക ധർമ്മത്തിന്റെ വൃദ്ധി ഉണ്ടായി - ഉണ്ടായി വൃക്ഷം വലുതാകുന്നു പിന്നീട് ബാബക്ക് വരേണ്ടി വരുന്നു. ആത്മാവു തന്നെയാണ് കേൾക്കുന്നത്, പഠിക്കുന്നത്, ആത്മാവിൽ തന്നെയാണ് സംസ്കാരമുള്ളത്. നമ്മൾ ആത്മാക്കൾ വ്യത്യസ്ത- വ്യത്യസ്തമായ ശരീരം ധാരണ ചെയ്യുന്നു. കുട്ടികൾക്ക് ഈ നിശ്ചയബുദ്ധിയാകുന്നതിനും ഒരുപാട് പരിശ്രമമുണ്ട്. ഇടക്കിടക്ക് മറന്നു പോകാറുണ്ടെന്ന് പറയാറുണ്ട്. ബാബ മനസ്സിലാക്കി തരുന്നു- ഈ കളി സ്മൃതിയുടെയും - വിസ്മൃതിയുടേതുമാണ്. ഇതിൽ നിങ്ങൾ കുടുങ്ങിയതുപോലെയാണ്, നമ്മൾ നമ്മുടെ വീട്ടിലേക്ക് അഥവാ രാജധാനിയിലേക്ക് എങ്ങനെ പോകുമെന്നറിയില്ല. ഇപ്പോൾ ബാബ മനസ്സിലാക്കി തന്നുകഴിഞ്ഞു, മുമ്പ് ഒന്നും അറിയില്ലായിരുന്നു. ആത്മാവ് എത്ര കല്ലുബുദ്ധിയായാണ് മാറുന്നത്. ഭാരതത്തിൽ തന്നെയാണ് കല്ലുബുദ്ധികളെന്നും പവിഴബുദ്ധികളെന്നും മഹിമയുള്ളത്. കല്ലുബുദ്ധികളായ രാജാക്കൻമാരും പവിഴബുദ്ധികളായ രാജാക്കൻമാരും ഇവിടെ തന്നെയാണുള്ളത്. പവിഴനാഥന്റെ ക്ഷേത്രവുമുണ്ട്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം നമ്മൾ ആത്മാക്കൾ എവിടെ നിന്നാണ് പാർട്ടഭിനയിക്കാൻ വന്നിരിക്കുന്നതെന്ന്. മുമ്പാണെങ്കിൽ ഒന്നുമറിയില്ലായിരുന്നു. ഇതിനെയാണ് മുള്ളുകളുടെ കാടെന്ന് പറയുന്നത്. ഈ മുഴുവൻ ലോകവും മുള്ളുകളുടെ കാടാണ്. പൂക്കളുടെ പൂന്തോട്ടത്തിന് തീ പിടിച്ചു, ഇങ്ങനെ എവിടെയും കേട്ടിട്ടുണ്ടാവില്ല. എപ്പോഴും കാടിനാണ് തീ പിടിക്കുന്നത്. ഇതും കാടാണ്, ഇതിനും തീർച്ചയായും തീ പിടിക്കണം. വൈക്കോൽ കൂനക്ക് തീ പിടിക്കുക തന്നെ വേണം. ഈ മുഴുവൻ ലോകത്തെയുമാണ് വൈക്കോൽ കൂന എന്നു പറയുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾ ബാബയെ മനസ്സിലാക്കിക്കഴിഞ്ഞു. സൻമുഖത്തിരിക്കുകയാണ്. എങ്ങനെയാണോ പാടിയിട്ടുണ്ടായിരുന്നത് അങ്ങയുടെ കൂടെ തന്നെ ഇരിക്കും...... ഇതെല്ലാം നടന്നുകൊണ്ടിരിക്കുകയാണ്. ഭഗവാന്റെ വാക്കുകൾ തീർച്ചയായും

പഠിക്കുമല്ലോ. ഭഗവാനുവാച കുട്ടികളെ പ്രതി തന്നെയായിരിക്കുമല്ലോ. നിങ്ങൾക്കറിയാം ഭഗവാനാണ് പഠിപ്പിക്കുന്നത്. ഭഗവാൻ ആരാണ്? നിരാകാരനായ ശിവനെ മാത്രമേ പറയുകയുള്ളൂ. ഭഗവാനാകുന്ന ശിവന്റെ പൂജയും ഇവിടെയാണ് ഉണ്ടാകുന്നത്. സത്യയുഗത്തിൽ പൂജയും മുതലായവയൊന്നും ഉണ്ടാകുന്നില്ല. ഓർമ്മിക്കുന്നുപോലുമില്ല. ഭക്തർക്ക് സത്യയുഗത്തിന്റെ രാജധാനിയുടെ ഫലം ലഭിക്കുന്നു. നിങ്ങൾ മനസ്സിലാക്കുന്നു നമ്മളാണ് ഏറ്റവുമധികം ഭക്തി ചെയ്തിട്ടുള്ളത് അതിനാൽ നമ്മളാണ് ആദ്യമാദ്യം ബാബയുടെ അടുത്തേക്ക് വന്നത്. പിന്നീട് നമ്മൾ തന്നെ രാജധാനിയിലേക്ക് വരും. അതിനാൽ കുട്ടികൾക്ക് പുതിയ ലോകത്തിൽ ഉയർന്ന പദവി പ്രാപ്തമാക്കാൻ വേണ്ടി പൂർണ്ണ പുരുഷാർത്ഥം ചെയ്യണം. കുട്ടികൾക്ക് ആഗ്രഹമുണ്ട് നമ്മൾക്കിപ്പോൾ പെട്ടെന്നു തന്നെ പുതിയ വീട്ടിലേക്ക് പോകണം. തുടക്കത്തിൽ തന്നെ പുതിയ വീടായിരിക്കും പിന്നീട് പഴയതായിക്കൊണ്ടെയിരിക്കും. വീട്ടിൽ കുട്ടികളുടെ അഭിവൃദ്ധിയുണ്ടായിക്കൊണ്ടെയിരിക്കും. മക്കളും, പേരക്കുട്ടികളും, പേരക്കുട്ടികളുടെയും കുട്ടികളെല്ലാം പഴയ വീട്ടിലേക്കേ വരികയുള്ളൂ. പറയും ഇത് എന്റെ മുത്തച്ഛന്റെ, മുത്തച്ഛന്റെ അച്ഛന്റെ വീടാണെന്ന്. പിറകിൽ വരുന്നവും ഒരുപാടു പേരുണ്ടായിരിക്കുമല്ലോ. എത്രത്തോളം തീവ്രമായി പുരുഷാർത്ഥം ചെയ്യുന്നുവോ അത്രത്തോളം പുതിയ വീട്ടിലേക്ക് വരും. പുരുഷാർത്ഥത്തിനുള്ള യുക്തി ബാബ വളരെ സഹജമായാണ് മനസ്സിലാക്കിതരുന്നത്. ഭക്തിയിലും പുരുഷാർത്ഥം ചെയ്യാറുണ്ടല്ലോ. ഒരുപാടു ഭക്തി ചെയ്യുന്നവരുടെ പേര് പ്രശസ്തമാകാറുണ്ടല്ലോ. പല ഭക്തരുടെ സ്റ്റാമ്പും ഇറക്കാറുണ്ട്. ജ്ഞാനത്തിന്റെ മാലയെക്കുറിച്ചാർക്കും അറിയില്ല. ആദ്യം ജ്ഞാനമാണ്, പിന്നീടാണ് ഭക്തി. ഇത് നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലുണ്ട്. പകുതി സമയമാണ് ജ്ഞാനം – സത്യയുഗം – ത്രേതായുഗം. ഇപ്പോൾ നിങ്ങൾ എത്ര നോളേജ്ഫുള്ളായി മാറുകയാണ്. ടീച്ചറെപ്പോഴും പൂർണ്ണ നോളേജുള്ളവരായിരിക്കും. വിദ്യാർത്ഥികൾ നമ്പർവൈസായാണ് മാർക്ക് വാങ്ങുന്നത്. ഇതാണ് പരിധിയില്ലാത്ത ടീച്ചർ. നിങ്ങളാണ് പരിധിയില്ലാത്ത വിദ്യാർത്ഥികൾ, വിദ്യാർത്ഥികൾ നമ്പർവൈസായാണ് പാസാകുന്നത്. ഏതു പോലെയാണോ കല്പം മുമ്പും ആയിരുന്നത്. ബാബ മനസ്സിലാക്കി തരുന്നു നിങ്ങൾ തന്നെയാണ് 84 ജന്മങ്ങൾ എടുത്തത്. 84 ജന്മങ്ങളിൽ 84 ടീച്ചർമാരുണ്ടായിരിക്കും. പുനർജന്മങ്ങൾ തീർച്ചയായും എടുക്കുക തന്നെ വേണം. ആദ്യം തീർച്ചയായും സതോപ്രധാന ലോകമായിരിക്കും പിന്നീടാണ് പഴയതും തമോപ്രധാന ലോകമായിമാറുന്നത്. മനുഷ്യരും തമോപ്രധാനമായിരിക്കുമല്ലോ. വൃക്ഷവും ആദ്യം പുതിയതും സതോപ്രധാനമായിരിക്കും. പുതിയ ഇലകൾ വളരെ നല്ലതായിരിക്കും. ഇതാണെങ്കിൽ പരിധിയില്ലാത്ത വൃക്ഷമാണ്. ഒരുപാട് ധർമ്മങ്ങളുണ്ട്. നിങ്ങളുടെ ബുദ്ധി ഇപ്പോൾ പരിധിയില്ലാത്തതിലേക്ക് പോകും. എത്ര വലിയ വൃക്ഷമാണ്. ആദ്യമാദ്യം ആദി സനാതന ദേവി-ദേവതാ ധർമ്മം തന്നെയായിരിക്കും. പിന്നീട് വ്യത്യസ്ഥ ധർമ്മങ്ങൾ വരും. നിങ്ങൾ തന്നെയാണ് 84 വ്യത്യസ്ഥമായ ജന്മങ്ങളെടുത്തത്. അതും അവിനാശിയാണ്. നിങ്ങൾക്കറിയാം കല്പ-കല്പം 84ന്റെ ചക്രം നമ്മൾ കറങ്ങിക്കൊണ്ടെയിരിക്കുന്നു. 84ന്റെ ചക്രത്തിൽ നമ്മൾ തന്നെയാണ് വരുന്നത്. 84 ലക്ഷം ജന്മങ്ങൾ ഒരു മനുഷ്യന്റെ ആത്മാവും എടുക്കുന്നില്ല. അതിന് വ്യത്യസ്ഥമായ മൃഗങ്ങളും മുതലായവ ഒരുപാടുണ്ട്. അതിന്റെ എണ്ണമാർക്കും എടുക്കാൻ സാധിക്കുകയില്ല. മനുഷ്യന്റെ ആത്മാവാണ് 84 ജന്മങ്ങളെടുത്തത്. അതിനാൽ ആത്മാവ് ഈ പാർട്ടഭിനയിച്ച്– അഭിനയിച്ച് ക്ഷീണിച്ചിരിക്കുകയാണ്. ദു:ഖിയായി മാറിയിരിക്കുകയാണ്. ഏണിപ്പടി ഇറങ്ങി സതോപ്രധാനത്തിൽ നിന്നും തമോപ്രധാനമായിരിക്കുകയാണ്. ബാബ വീണ്ടും തമോപ്രധാനത്തിൽ നിന്നും സതോപ്രധാനമാക്കി മാറ്റുകയാണ്. ബാബ പറയുന്നു– ഞാൻ തമോപ്രധാനമായ ശരീരത്തിൽ തമോപ്രധാനമായ ലോകത്തിൽ വന്നിരിക്കുകയാണ്. ഇപ്പോൾ ഈ മുഴുവൻ ലോകവും തമോപ്രധാനമാണ്. മുഴുവൻ വിശ്വത്തിലും എങ്ങനെ ശാന്തിയുണ്ടാകാനാണ്– എന്ന് മനുഷ്യർ വെറുതെ പറയും. വിശ്വത്തിൽ ശാന്തി എപ്പോഴായിരുന്നു എന്ന് മനസ്സിലാക്കുന്നില്ല. ബാബ പറയുന്നു നിങ്ങളുടെ വീട്ടിൽ ചിത്രങ്ങൾ വെച്ചിട്ടുണ്ടല്ലോ. ഇവരുടെ രാജ്യമുണ്ടായിരുന്നപ്പോൾ മുഴുവൻ വിശ്വത്തിൽ ശാന്തിയുണ്ടായിരുന്നു, അതിനെയാണ് സ്വർഗ്ഗമെന്നു പറയുന്നത്. പുതിയ ലോകത്തെ തന്നെയാണ് സ്വർഗ്ഗം അഥവാ സ്വർണ്ണിമ യുഗമെന്നു പറയുന്നത്. ഇപ്പോൾ ഈ പഴയ ലോകം പരിവർത്തനപ്പെടണം. ആ രാജധാനിയാണ് സ്ഥാപിക്കപ്പെടുന്നത്. വിശ്വത്തിൽ ഇവരുടെ തന്നെയാണ് രാജ്യമുണ്ടായിരുന്നത്. ലക്ഷ്മീ-നാരായണന്റെ ക്ഷേത്രത്തിൽ ഒരുപാടു മനുഷ്യർ പോകുന്നുണ്ട്. ഇതാരുടെയും ബുദ്ധിയിലില്ല ഇവർ തന്നെയായിരുന്നു വിശ്വത്തിന്റെ അധികാരികൾ എന്ന്– ഇവരുടെ രാജ്യത്തിൽ തീർച്ചയായും സുഖവും-ശാന്തിയുമുണ്ടായിരുന്നു. അയ്യായിരം വർഷത്തിന്റെ കാര്യമാണ്– എപ്പോഴാണോ ഇവരുടെ രാജ്യമുണ്ടായിരുന്നത്. പകുതി കല്പത്തിനുശേഷം പഴയ ലോകമെന്നു പറയും അതുകൊണ്ടാണ് ജോലിക്കാർ കണക്കുപുസ്തകത്തിൽ സ്വസ്തിക വരക്കുന്നത്. അതിന്റെയും അർത്ഥമുണ്ടല്ലോ. അവരാണെങ്കിൽ ഗണപതിയെയാണ് പറയുന്നത്. ഗണപതിയെ പിന്നീട് വിഘ്ന വിനാശക ദേവതയാണെന്നു മനസ്സിലാക്കുന്നു. സ്വസ്തികയിൽ പൂർണ്ണമായും 4 ഭാഗങ്ങളുണ്ട്. ഇതെല്ലാം ഭക്തി മാർഗ്ഗമാണ്. ഇപ്പോൾ ദീപാവലി ആഘോഷിക്കുന്നുണ്ട്, വാസ്തവത്തിൽ സത്യം-സത്യമായ ദീപാവലി ഓർമ്മയുടെ യാത്ര തന്നെയാണ് ഏതിലൂടെയാണോ ആത്മാവിന്റെ ജ്യോതി 21 ജന്മത്തേക്ക് തെളിയുന്നത്.

ഒരുപാട് സമ്പാദ്യമുണ്ടാകുന്നു. നിങ്ങൾ കുട്ടികൾക്ക് ഒരുപാടു സന്തോഷമുണ്ടാകണം. ഇപ്പോൾ പുതിയ ലോകത്തിലേക്കു വേണ്ടി നിങ്ങളുടെ പുതിയ കണക്ക് തുടങ്ങുകയാണ്. 21 ജന്മത്തേക്കുള്ള ശേഖരണം ഇപ്പോൾ തന്നെ ശേഖരിക്കണം. ഇപ്പോൾ ബാബ കുട്ടികൾക്ക് മനസ്സിലാക്കി തരുകയാണ്, സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കി കേൾക്കുന്നുണ്ടോ. ആത്മാവാണെന്നു മനസ്സിലാക്കി കേൾക്കുകയാണെങ്കിൽ സന്തോഷവുമുണ്ടാകും. ബാബ നമ്മളെ പഠിപ്പിക്കുന്നു. ഭഗവാന്റെ വാക്കുകളുമുണ്ടല്ലോ. ഭഗവാനാണെങ്കിൽ ഒന്നേയുണ്ടായിരിക്കുകയുള്ളൂ. തീർച്ചയായും ഭഗവാൻ വന്ന് ശരീരം എടുക്കുന്നുണ്ടായിരിക്കും, അപ്പോഴാണ് ഭഗവാന്റെ വാക്കുകളെന്നു പറയുന്നത്. ഇതുപോലും ആർക്കും അറിയില്ല അതുകൊണ്ടാണ് അറിയില്ല – അറിയില്ല എന്നു പറഞ്ഞു വന്നിരുന്നത്. ഭഗവാൻ പരം–പിതാപരമാത്മാവാണെന്നും പറയുന്നുണ്ട്. പിന്നീട് പറയും ഞങ്ങൾക്കറിയില്ല എന്ന്. പറയാറുണ്ട് ശിവബാബയെയും, ബ്രഹ്മാബാബയെയും ബാബ ( അച്ഛൻ ) എന്നാണ് പറയുന്നത്. വിഷ്ണുവിനെ ഒരിക്കലും ബാബ എന്നു പറയില്ല. പ്രജാപിതാവ് അച്ഛനായില്ലേ. നിങ്ങൾ ബ്രഹ്മാകുമാരിമാരും–ബ്രഹ്മാകുമാരൻമാരുമാണ്, പ്രജാപിതാവ് എന്ന പേരില്ലാത്തതുകൊണ്ട് മനസ്സിലാക്കുന്നില്ല. ഇത്രയുമധികം ബ്രഹ്മാകുമാരിമാരും – ബ്രഹ്മാകുമാരൻമാരുമുണ്ടെങ്കിൽ തീർച്ചയായും പ്രജാപിതാവു തന്നെയായിരിക്കും അതിനാൽ പ്രജാപിതാവെന്ന അക്ഷരം തീർച്ചയായും വെക്കൂ. അപ്പോൾ മനസ്സിലാക്കും പ്രജാപിതാവ് നമ്മളുടെ തന്നെ അച്ഛനായിരുന്നു എന്ന്. പുതിയ സൃഷ്ടി തീർച്ചയായും പ്രജാപിതാവിലൂടെയാണ് രചിക്കപ്പെടുന്നത്. നമ്മൾ ആത്മാക്കൾ സഹോദര–സഹോദരൻമാരാണ് പിന്നീട് ശരീരമെടുത്ത് സഹോദരീ–സഹോദരനായി മാറുന്നു. ബാബയുടെ കുട്ടികൾ അവിനാശിയാണ് പിന്നീട് സാകാരത്തിൽ സഹോദരീ–സഹോദരൻമാരായി മാറുന്നു. ബാബയുടെ കുട്ടികളാണെങ്കിൽ അവിനാശിയാണ് പിന്നീട് സാകാരത്തിൽ സഹോദരീ–സഹോദരൻമാർ വേണം. അതിനാൽ പ്രജാപിതാ ബ്രഹ്മാവെന്നാണ് പേര്. എന്നാൽ ബ്രഹ്മാവിനെ നമ്മൾ ഓർമ്മിക്കാറില്ല. ഓർമ്മിക്കുന്നത് ലൗകികത്തെയും (ശരീരത്തിന്റെ) പാരലൗകികത്തെയുമാണ് (ശിവബാബ). പ്രജാപിതാ ബ്രഹ്മാവിനെ ആരും ഓർമ്മിക്കുന്നില്ല. ദുഃഖത്തിൽ ബാബയെ സ്മരിക്കുന്നു, ബ്രഹ്മാവിനെയല്ല. പറയും അല്ലയോ ഭഗവാനേ എന്ന്. അല്ലയോ ബ്രഹ്മാവേ എന്നു പറയില്ല. സുഖത്തിലാണെങ്കിൽ ആരെയും ഓർമ്മിക്കില്ല. അവിടെ (സത്യയുഗത്തിൽ) സുഖം തന്നെ സുഖമാണ്. ഇതു പോലും ആർക്കും അറിയില്ല. നിങ്ങൾക്കറിയാം ഈ സമയം 3 അച്ഛൻമാരാണുള്ളത്. ഭക്തിമാർഗ്ഗത്തിൽ ലൗകികവും പാരലൗകികവുമായ അച്ഛനെയാണ് ഓർമ്മിക്കുന്നത്. സത്യയുഗത്തിലാണെങ്കിൽ വെറും ലൗകിക അച്ഛനെ മാത്രമെ ഓർമ്മിക്കുന്നുള്ളൂ. സംഗമത്തിൽ മൂന്നുപേരെയും ഓർമ്മിക്കുന്നു. ലൗകികവുമുണ്ട് എന്നാൽ പരിധിയുള്ള അച്ഛനാണെന്നറിയാം. ആ അച്ഛനിൽ നിന്ന് പരിധിയുള്ള സമ്പത്താണ് ലഭിക്കുന്നത്. ഇപ്പോൾ നമുക്ക് പരിധിയില്ലാത്ത ബാബയെ ലഭിച്ചിരിക്കുകയാണ് ആരിൽ നിന്നാണോ പരിധിയില്ലാത്ത സമ്പത്ത് ലഭിക്കുന്നത്. ഇത് മനസ്സിലാക്കേണ്ട കാര്യമാണ്. ഇപ്പോൾ പരിധിയില്ലാത്ത അച്ഛൻ വന്നിരിക്കുകയാണ് ബ്രഹ്മാവിന്റെ ശരീരത്തിൽ – നമ്മൾ കുട്ടികൾക്ക് പരിധിയില്ലാത്ത സുഖം നൽകാൻ. ബാബയുടേതായി മാറുന്നതിലൂടെ നമ്മൾ പരിധിയില്ലാത്ത സമ്പത്ത് പ്രാപ്തമാക്കുന്നു. ഇത് മുത്തച്ഛന്റെ സമ്പത്താണ് ബ്രഹ്മാവിലൂടെ പ്രാപ്തമാവുന്നത്, മുത്തച്ഛൻ പറയുകയാണ് ഞാനാണ് നിങ്ങൾക്ക് സമ്പത്ത് നൽകുന്നത്. പഠിപ്പിക്കുന്നത് ഞാനാണ്. എന്റെ അടുത്താണ് സമ്പത്തുള്ളത്. ബാക്കി ഒരു മനുഷ്യരിലും ജ്ഞാനമില്ല, ദേവതകളിലുമില്ല. എന്നിലാണ് ജ്ഞാനമുള്ളത്. അതാണ് ഞാൻ നിങ്ങൾ കുട്ടികൾക്ക് നൽകുന്നത്. ഇതാണ് ആത്മീയ ജ്ഞാനം.

നിങ്ങൾക്കറിയാം ആത്മീയ അച്ഛനിലൂടെ നമുക്ക് ഈ പദവി ലഭിക്കുകയാണ്. ഇങ്ങനെ – ഇങ്ങനെ വിചാര സാഗര മഥനം ചെയ്യണം. മഹിമയുമുണ്ട് മനസ്സിനെ ജയിച്ചാൽ ജയമാണ്, മനസ്സിനോട് തോറ്റാൽ തോൽവിയാണ്... വാസ്തവത്തിൽ പറയേണ്ടത്– മായയുടെ മേൽ വിജയം എന്നാണ് എന്തുകൊണ്ടെന്നാൽ മനസ്സിനെ ജയിക്കാൻ സാധിക്കില്ല. മനുഷ്യർ പറയാറുണ്ട് എങ്ങനെ മനസ്സിന് ശാന്തിയുണ്ടാകും? ബാബ പറയുന്നു ആത്മാവ് എങ്ങനെ പറയും മനസ്സിന് ശാന്തി വേണമെന്ന്. ആത്മാവിന്റെ വാസം ശാന്തി ധാമമാണ്. എപ്പോഴാണോ ആത്മാവ് ശരീരത്തിലേക്ക് വരുന്നത് അപ്പോഴാണ് കാര്യങ്ങൾ ചെയ്യാൻ ആരംഭിക്കുന്നത്. ബാബ പറയുന്നു നിങ്ങൾ ഇപ്പോൾ സ്വധർമ്മത്തിൽ സ്ഥിതി ചെയ്യൂ, സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കൂ. ആത്മാവിന്റെ സ്വധർമ്മം ശാന്തമാണ്. ബാക്കി ശാന്തി എവിടെ നിന്നാണ് യാചിക്കുക. ഇതിൽ റാണിയുടെ മാലയുടെ ഉദാഹരണമുണ്ട്. സന്യാസിമാർ ഉദാഹരണങ്ങൾ നൽകാറുണ്ട് പിന്നീട് സ്വയം തന്നെ കാട്ടിലേക്കു പോയി ശാന്തി തിരയുന്നു. ബാബ പറയുന്നു നിങ്ങൾ ആത്മാവിന്റെ സ്വധർമ്മം തന്നെ ശാന്തമാണ്. നിങ്ങളുടെ വീട് ശാന്തിധാമമാണ്, എവിടെ നിന്നാണോ നിങ്ങൾ പാർട്ടഭിനയിക്കാൻ വരുന്നത്. ശരീരത്തിലൂടെ പിന്നീട് കർമ്മങ്ങൾ ചെയ്യേണ്ടി വരുന്നു. ശരീരത്തിൽ നിന്ന് വേറിടുമ്പോൾ ശാന്തിയുടെ അന്തരീക്ഷം ഉണ്ടാകുന്നു. ആത്മാവ് ചെന്ന് മറ്റൊരു ശരീരമെടുത്തെങ്കിൽ പിന്നീടെന്തിനാണ് ചിന്തിക്കുന്നത്. തിരിച്ചൊന്നും വരില്ലല്ലോ. എന്നാൽ മോഹമാണ് ബുദ്ധിമുട്ടിക്കുന്നത്. അവിടെ ( സത്യയുഗത്തിൽ) നിങ്ങളെ മോഹം ബുദ്ധിമുട്ടിക്കില്ല. അവിടെ 5 വികാരങ്ങൾ ഉണ്ടാകുന്നില്ല. രാവണരാജ്യമേയില്ല. അതാണ് രാമരാജ്യം.

എപ്പോഴും രാവണരാജ്യമാണെങ്കിൽ മനുഷ്യർ തന്നെ ക്ഷീണിച്ചേനേ. ഒരിക്കലും സുഖം കാണാൻ സാധിക്കില്ല. ഇപ്പോൾ നിങ്ങൾ ആസ്തികരായി മാറിയിരിക്കുകയാണ് ഒപ്പം ത്രികാലദർശികളുമായി മാറിയിരിക്കുകയാണ്. മനുഷ്യർക്ക് ബാബയെ അറിയില്ല അതുകൊണ്ടാണ് നാസ്തികരെന്നു പറയുന്നത്. ഇപ്പോൾ നിങ്ങൾ കുട്ടികൾക്കറിയാം ഈ ശാസ്ത്രങ്ങൾ ഏതെല്ലാമാണോ കഴിഞ്ഞു പോയിട്ടുള്ളത്, ഇതെല്ലാം ഭക്തിമാർഗ്ഗത്തിലേതാണ്. ഇപ്പോൾ നിങ്ങൾ ജ്ഞാനമാർഗ്ഗത്തിലാണ്. ബാബ നിങ്ങൾ കുട്ടികളെ എത്ര സ്നേഹത്തോടു കൂടിയാണ് കണ്ണുകളിൽ ഇരുത്തി കൊണ്ടുപോകുന്നത്. കഴുത്തിലെ മാലയാക്കി മാറ്റി എല്ലാവരെയും കൊണ്ടുപോകുന്നു. എല്ലാവരും വിളിക്കുന്നുമുണ്ട്. ആരെല്ലാമാണോ കാമമാകുന്ന ചിതയിലിരുന്ന് കറുത്ത് പോയിട്ടുള്ളത് അവരെ ജ്ഞാന ചിതയിലിരുത്തി, കണക്കുകളെയെല്ലാം ഇല്ലാതാക്കി തിരിച്ചു കൊണ്ടുപോകുന്നു. ഇപ്പോൾ നിങ്ങൾക്ക് പഠിക്കുന്നതിലാണ് കാര്യം, ബാക്കിയുള്ള കാര്യങ്ങളിലേക്ക് പോകേണ്ട ആവശ്യമെന്താണ്. എങ്ങനെ മരിക്കും, എന്തു സംഭവിക്കും...... ഈ കാര്യങ്ങളിലെല്ലാം നമ്മളെന്തിന് പോകണം. ഇത് കണക്കെടുപ്പിന്റെ സമയമാണ്, എല്ലാ കണക്കുകളും ഇല്ലാതാക്കി തിരിച്ചുപോകും. ഈ പരിധിയില്ലാത്ത ഡ്രാമയുടെ രഹസ്യം നിങ്ങൾ കുട്ടികളുടെ ബുദ്ധിയിലാണുള്ളത്, മറ്റാർക്കും അറിയില്ല. കുട്ടികൾക്കറിയാം നമ്മൾ ബാബയുടെ അടുത്ത് കല്പ-കല്പം വരുന്നുണ്ട്, പരിധിയില്ലാത്ത സമ്പത്തെടുക്കാൻ. നമ്മൾ ശരീര സഹിതമുള്ള ആത്മാക്കളാണ്. ബാബയും ശരീരത്തിൽ വന്ന് പ്രവേശിച്ചിരിക്കുകയാണ്. ബാബ പറയുന്നു ഞാൻ സാധാരണ ശരീരത്തിലാണ് വരുന്നത്, ഈ ബ്രഹ്മാവിനെയും ഇരുത്തി മനസ്സിലാക്കി കൊടുക്കുന്നു നിനക്ക് നിന്റെ ജന്മങ്ങളെ ക്കുറിച്ചറിയില്ല. മറ്റാർക്കും ഇങ്ങനെ പറയാൻ സാധിക്കില്ല കുട്ടികളെ, ദേഹി - അഭിമാനിയായി മാറൂ, ബാബയെ ഓർമ്മിക്കൂ എന്ന്. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും സുപ്രഭാതവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഓർമ്മയുടെ യാത്രയിലിരുന്ന് സത്യം-സത്യമായ ദീപാവലി ദിവസവും ആഘോഷിക്കണം. 21 ജന്മത്തേക്കുവേണ്ടി തന്റെ പുതിയ കണക്ക് ശേഖരിക്കണം.

2) ഡ്രാമയുടെ രഹസ്യത്തെ ബുദ്ധിയിൽ വെച്ച് പഠിപ്പല്ലാതെ മറ്റൊരു കാര്യത്തിലേക്കും പോകരുത്. എല്ലാ കർമ്മകണക്കുകളും സമാപ്തമാക്കണം.

## വരദാനം: -ആത്മീയതയുടെ സ്ഥിതിയിൽ കൂടി വ്യർത്ഥമായ കാര്യങ്ങളുടെ സ്റ്റോക്ക് സമാപ്തമാക്കുന്ന സന്തോഷത്തിന്റെ ഖജനാവുകളാൽ സമ്പന്നരായി ഭവിക്കട്ടെ.

ആത്മീയതയുടെ സ്ഥിതിയിൽ കൂടി വ്യർത്ഥമായ കാര്യങ്ങളുടെ സ്റ്റോക്ക് സമാപ്തമാകൂ, അല്ലെങ്കിൽ പരസ്പരം അവഗുണങ്ങളുടെ വർണ്ണന ചെയ്ത രോഗാണുക്കളെ വായുമണ്ഡലത്തിൽ പരത്തികൊണ്ടിരിക്കും, അതുകാരണം വാതാവരണം ശക്തിശാലി ആകില്ല. താങ്കളുടെയടുത്ത് അനേകഭാവങ്ങളോടെ അനേകാത്മാക്കൾ വരും, നിങ്ങളിൽ നിന്നും ശുഭഭാവനയുടെ കാര്യങ്ങൾ മാത്രമാണ് കൊണ്ട് പോകേണ്ടത്. എപ്പോഴാണോ സ്വയം തന്റെയടുത്ത് സന്തോഷത്തിന്റെ കാര്യങ്ങളുടെ സ്റ്റോക് ശേഖരണമാകുന്നത് അപ്പോൾ ഇത് സംഭവിക്കും. ഹൃദയത്തിൽ ആരോടെങ്കിലും പ്രതി ഏതെങ്കിലും വ്യർത്ഥമായ കാര്യങ്ങൾ ഉണ്ടെങ്കിൽ കാര്യങ്ങൾ എവിടെ ഉണ്ടോ അവിടെ ബാബ ഇല്ല, പാപം ഉണ്ട്.

## സ്ലോഗൻ: - സ്മൃതിയുടെ സ്വിച്ച് ഓൺ ആണെങ്കിൽ മൂഡ് ഓഫ് ആകാൻ കഴിയില്ല.

**അവ്യക്ത സൂചന- അശരീരിയുടെയും വിദേഹി സ്ഥിതിയുടെയും അഭ്യാസം വർധിപ്പിക്കൂ.**
ആര് എത്രമാത്രം ബിസിയാണോ അത്രയും അവർ ഇടയ്ക്കിടയ്ക്ക് ഈ അഭ്യാസം ചെയ്യേണ്ടത് ആവശ്യമാണ്, പിന്നീട് സേവനത്തിൽ ഇടയ്ക്കിടയ്ക്ക് ഉണ്ടാകുന്ന ക്ഷീണം ഇടയ്ക്കിടയ്ക്ക് പരസ്പരം ഏതെങ്കിലും പ്രശ്നങ്ങൾ വരുന്നത് ഉണ്ടാകില്ല. ഒരു സെക്കന്റിൽ വേറിട്ടിരിക്കുന്ന അഭ്യാസം ഉണ്ടെങ്കിൽ എന്ത് കാര്യം സംഭവിച്ചാലും ഒരു സെക്കന്റിൽ തന്റെ അഭ്യാസത്തിലൂടെ ഈ കാര്യങ്ങളിൽ നിന്ന് ദൂരെയാകും. ചിന്തിച്ചതും നടന്നു കഴിഞ്ഞു.യുദ്ധം ചെയ്യേണ്ടി വരില്ല.